**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 79** **22-02-2022 - ൽ മറുപടിയ്ക്ക്**

**സിൽവർ ലൈൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് കെ-റെയിൽ കോർപ്പറേഷൻ വഴി നടപ്പിലാക്കാനുദ്ദേശിക്കുന്ന തിരുവനന്തപുരം-കാസർഗോഡ് അർദ്ധ അതിവേഗ റെയിൽപാതയുടെ (സിൽവർ ലൈൻ) വിശദമായ പദ്ധതി രേഖയും സാധ്യതാ പഠന റിപ്പോർട്ടും അലൈൻമെന്റും അംഗീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | സിൽവർലൈൻ പദ്ധതിയുടെ സാധ്യതാ പഠന റിപ്പോർട്ടിന് റെയിൽവേ ബോർഡ് തത്വത്തിൽ അംഗീകാരം നൽകി പ്രീ ഇവെസ്റ്റ്മെന്റ് ആക്ടിവിറ്റീസ് ചെയ്യുന്നതിനുള്ള അനുമതി നൽകുകയും ചെയ്തു. കെ.ആർ. ഡി.സി.എൽ നൽകിയ വിശദ പഠന റിപ്പോർട്ട് അലൈൻമെന്റും കേരള സർക്കാർ അംഗീകരിച്ച് റെയിൽവേ ബോർഡിന്റെ അന്തിമ അനുമതിക്ക് വേണ്ടി സമർപ്പിച്ചിരിക്കുകയാണ്. |
| (ബി) | സിൽവർ ലൈൻ പദ്ധതിക്കായി കണക്കാക്കിയ തുക എത്രയാണെന്നും യഥാർത്ഥ തുക എസ്റ്റിമേറ്റ് തുകയുടെ ഇരട്ടിയോളം ആകുമെന്ന നീതി ആയോഗ് നടത്തിയ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ബാക്കി തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ; | (ബി) | സിൽവർലൈൻ പദ്ധതിയുടെ കംപ്ലീഷൻ കോസ്റ്റ് ആയി കണക്കാക്കിയിരിക്കുന്നത് 63,941 കോടി രൂപയാണ്. നീതി ആയോഗ് ഇന്ത്യയിലെ മറ്റു മെട്രോ പ്രോജക്ട് NCRTC, RRTS Project എന്നിവയുമായി താരതമ്യം ചെയ്ത് തുക കുറവാണ് കണക്കാക്കിയിരിക്കുന്നത് എന്ന ആശങ്ക അറിയിച്ചിരുന്നു. എന്നാൽ ഇതിനെ കുറിച്ചുള്ള വിശദമായ മറുപടി നൽകുകയും നീതി ആയോഗ് ഈ പദ്ധതിക്കായുള്ള വായ്പാ സ്വരൂപണത്തിന് കേന്ദ്ര ആസൂത്രണസാമ്പത്തികകാര്യ വകുപ്പിന് ശുപാർശ ചെയ്യുകയും ചെയ്തു. |
| (സി) | പ്രസ്തുത പാതയ്ക്കായി പരിസ്ഥിതി ആഘാത പഠനം നടത്തിയിട്ടുണ്ടോ; പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | ഡി.പി.ആർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ദ്രുത പരിസ്ഥിതി ആഘാത പഠനം നടത്തിയിരുന്നു. റിപ്പോർട്ട് KRDCL Websiteൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ഡി) | ഇതിനായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും ഈ പദ്ധതി മൂലം അടിസ്ഥാന വികസന മേഖലയിൽ ഉണ്ടാകാനിടയുള്ള നഷ്ടങ്ങളും ജനങ്ങൾക്കുണ്ടാകുന്ന പ്രശ്നങ്ങളും വിലയിരുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | (ഡി) | ദ്രുത പരിസ്ഥിതി റിപ്പോർട്ട് തയ്യാറാക്കിയത് തിരുവനന്തപുരം ആസ്ഥാനമായുള്ള Centre For Environment Development എന്ന സ്ഥാപനമാണ്. ഈ പദ്ധതിമൂലം ഉണ്ടാകാനിടയുള്ള പരിസ്ഥിതി ആഘാതം, നിർമ്മാണഘട്ടത്തിലും, പ്രവർത്തനഘട്ടത്തിലും തക്കതായ നടപടികളെടുത്ത് |

| | | | |
|---|---|---|---|
| | | | കുറക്കാനാവുമെന്നാണ് ഈ റിപ്പോർട്ട് വിലയരുത്തുന്നത്. |
| (ഇ) | കെ-റെയിൽ പദ്ധതിയുടെ ആക്സിൽ ലോഡ് പതിനേഴ് ടൺ ആയതിനാൽ ചരക്ക് ട്രെയിനുകൾ ഓടിക്കാൻ സാധിക്കില്ലെന്നും ഹൈബ്രിഡ് മോഡൽ നടപ്പിലാക്കി സാമ്പത്തിക ലാഭം നേടാൻ സാധിക്കില്ലെന്നും കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ഇ) | ഇല്ല. |
| (എഫ്) | കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ ഏതെങ്കിലും അനുമതി പ്രസ്തുത പദ്ധതിക്ക് ലഭിച്ചിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ; | (എഫ്) | ഈ പദ്ധതിയുടെ ഫീസിബിലിറ്റി റിപ്പോർട്ടിന് റെയിൽവേ ബോർഡിൽ നിന്നും തത്വത്തിലുള്ള അംഗീകാരവും ഫ്രീ ഇൻവെസ്റ്റ്മെന്റ് ആക്റ്റിവിറ്റീസ് ഏറ്റെടുത്ത് നടത്തുവാനുള്ള അനുമതിയും ലഭിച്ചിട്ടുണ്ട്. |
| (ജി) | ഇല്ലെങ്കിൽ കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്നതിന് മുമ്പ് സംസ്ഥാന സർക്കാർ പ്രസ്തുത പദ്ധതിയ്ക്കായുള്ള സർവ്വേ നടപികളും ഭൂമി ഏറ്റെടുക്കലുമായി മുന്നോട്ട് പോകുന്നത് എന്തടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ? | (ജി) | കേന്ദ്ര റെയിൽ മന്ത്രാലയത്തിൽ നിന്ന് തത്വത്തിൽ അംഗീകാരം ലഭിച്ച പദ്ധതിയാണ് സിൽവർലൈൻ. കേന്ദ്ര ഗവൺമെന്റിനെ ധനകാര്യ വിഭാഗത്തിന്റെ നിലവിലുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് പ്രാഥമിക ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകാൻ സാധിക്കും. നിലവിൽ സാമൂഹിക ആഘാത പഠനവും ഇതിന് വേണ്ടിയുള്ള അതിരടയാള കല്ലുകൾ സ്ഥാപിക്കുവാനും ഉള്ള അനുമതി മാത്രമാണ് നൽകിയിരിക്കുന്നത് |

സെക്ഷൻ ഓഫീസർ